# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 550

06.03.2012-ൽ മറുപടിക്ക്.

## ഐ.ആർ.ഇ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ ചവറയിലെ ഇന്ത്യൻ റെയർ എർത്സ് ലിമിറ്റഡിന്റെ (ഐ.ആർ.ഇ) പ്രവർത്തനം നിർത്തിവെക്കേണ്ടിവരുമെന്ന് കേന്ദ്ര ആണവോർജ്ജ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ഐ.ആർ.ഇ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (ബി) ഉണ്ട്. ഇന്ത്യൻ റെയർ എർത്സ് ലിമിറ്റഡിന്റെ ഖനന മേഖലയിൽ തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് 2011 ജൂലായ് മാസം മുതൽ രൂക്ഷമായ കരിമണൽ ക്ഷാമം നേരിട്ടു വന്നിരുന്നു. 2011 ഡിസംബർ 6-ാം തീയതി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രസ്തുത പ്രശ്നം ചർച്ച ചെയ്യുകയും ആയതിലെ തീരുമാനപ്രകാരം 09.12.2011 മുതൽ ഖനനം പുനരാരംഭിക്കുകയുണ്ടായി. കമ്പനി കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന് 21.11.11-ൽ സമർപ്പിച്ച ലേ ഓഫ് അപേക്ഷ 13.12.11-ൽ പിൻവലിച്ചു.<br><br>13.02.2012-ൽ വ്യവസായ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന ചർച്ചയിൽ IREL-ന്റെ സർക്കാർ തലത്തിൽ തീർപ്പാക്കേണ്ട പ്രശ്നങ്ങളിൽ ആവശ്യമായ സപ്പോർട്ട് നൽകുവാൻ തീരുമാനമുണ്ടായി. കൂടാതെ, ഖനന പാട്ടക്കരാർ അനുസരിച്ച് ഭൂ ഉടമകൾക്ക് ഭൂമിയിന്മേൽ പൂർണ്ണ അവകാശം വ്യക്തമാക്കിക്കൊണ്ട് സർക്കാർ G.O.(Rt) No. 356/2012/ID dated, 27.02.2012 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ചുള്ള മേൽനടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ